(ഇ) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇതിനകം സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ ;

(എഫ്) ഇതുമൂലം 2001-2002, 2002-2003 വർഷങ്ങളിൽ ലഭിച്ച നികുതിയേതര വരുമാനം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിൽ നോൺ-ടാക്സ് റവന്യൂ സെൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) ശുപാർശ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(സി) ശുപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ബന്ധപ്പെട്ട വകുപ്പുകളെ തുടർ നടപടി സ്വീകരിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നടപ്പിലാക്കിയ ശുപാർശകളെ സംബന്ധിച്ച വിശദ വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) 2001-2002-ൽ 543.38 കോടി രൂപയും 2002-2003-ൽ 596.08 കോടി രൂപയുടെ നികുതിയേതര വരുമാനമായി സംസ്ഥാനത്തിന് ലഭിച്ചു.

2002-2003-ലെ വാർഷിക പദ്ധതിയിൽ അനുവദിച്ച അടങ്കൽ തുകയും ഓരോ വകുപ്പും ചെലവഴിച്ച തുകയും

7 (1802) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003-ലെ വാർഷിക പദ്ധതിയിൽ ആകെ അനുവദിച്ച അടങ്കൽ തുക എത്ര ; ഇതിൽ 2003 മാർച്ച് 31 വരെ ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ ;

(ബി) കൃഷി, വ്യവസായം, പട്ടികജാതി-പിന്നോക്കക്ഷേമം, വൈദ്യുതി വകുപ്പുകൾക്ക് എന്തു തുക വീതം വകയിരുത്തിയെന്നും, ഇതിൽ എന്തു തുക വീതം ഓരോ വകുപ്പും ചെലവഴിച്ചുവെന്നും അറിയിക്കാമോ ?

ഉത്തരം

(എ) പദ്ധതിയുടെ തുടക്കത്തിൽ 4026 കോടി രൂപ അടങ്കൽ തുകയായി തീരുമാനിക്കുകയും പിന്നീടത് 3425 കോടി രൂപയായി പുതുക്കി നിശ്ചയിക്കുകയും ചെയ്തു. പ്രാഥമിക കണക്കുകളനുസരിച്ച് 3430 കോടി രൂപ 2003 മാർച്ച് 31 വരെ ചെലവഴിച്ചതായി കാണുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രാഥമിക കണക്കുകളനുസരിച്ച് വകുപ്പു തിരിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു :-

വകുപ്പ്	അനുവദിച്ച തുക	ചെലവഴിച്ച തുക
	(രൂപ കോടിയിൽ)	
കൃഷി	189.50	220.88
വ്യവസായം	195.25	187.45
പട്ടിക ജാതി/ പിന്നോക്കക്ഷേമം	196.26	185.23
വൈദ്യുതി	600.00	558.46

എം. എൽ. എ. മാരുടെ പ്രാദേശിക വികസനഫണ്ട് സംബന്ധിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള ഗൈഡ്ലൈൻസ്

8 (1803) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ. മാരുടെ പ്രാദേശിക വികസനഫണ്ട് സംബന്ധിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള ഗൈഡ്ലൈൻസിന്റെ ഒരു കോപ്പി ലഭ്യമാക്കാമോ ;

(ബി) ഗൈഡ്ലൈൻസ് പ്രകാരം എയ്ഡഡ് സ്കൂളുകളിലും ഗവൺമെന്റു സ്കൂളുകളിലും കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങാൻ പണം വിനിയോഗിക്കാൻ കഴിയുമോ ;

(സി) കോട്ടയം, ആലപ്പുഴ ജില്ലകൾ ഉൾപ്പെടെ പല ജില്ലയിലും ഇപ്രകാരം എയ്ഡഡ് സ്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങാൻ എം. എൽ. എ. ഫണ്ട് ചെലവഴിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കണ്ണൂർ ജില്ലയിൽ എയ്ഡഡ് സ്കൂളിൽ കമ്പ്യൂട്ടർ വാങ്ങാൻ എം. എൽ. എ. ഫണ്ട് ചെലവഴിക്കാനാവില്ലെന്ന് ഗവൺമെന്റ് തീരുമാനിക്കാൻ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) എയ്ഡഡ് സ്കൂളുകളിൽ ഇത് അനുവദിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അന്വേഷിച്ചു വരികയാണ്.

(ഡി) എയ്ഡഡ് സ്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങാൻ എം. എൽ. എ. ഫണ്ട് ചെലവഴിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നില്ല.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly